**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2614 06/12/2018 ൽ മറുപടിയ്ക്ക്

**കൊല്ലം ജില്ലയിലെ പ്രളയത്തിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണം**

| ചോദ്യം<br>ശ്രീമതി.പി. അയിഷാ പോറ്റി | മറുപടി<br>ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും, വിനോദ സഞ്ചാരവും, ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|
| കൊല്ലം ജില്ലയിൽ പ്രളയത്തിൽ തകർന്ന എത്ര വീടുകൾ പുനർനിർമ്മിക്കുന്നതിനാണ് സഹകരണ വകുപ്പ് നിശ്ചയിച്ചിട്ടുള്ളത്; പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ? | സഹകരണ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള കെയർ ഹോം പദ്ധതി പ്രകാരം കൊല്ലം ജില്ലയിൽ 42 കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. സംസ്ഥാന ദുരന്തനിവാരണ ഫണ്ടിൽ നിന്നും ലഭിക്കുന്ന തുക ഉൾപ്പെടെ 5 ലക്ഷം രൂപയാണ് ഒരു വീട് നിർമ്മിക്കുന്നതിനായി ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്.<br>വീടുകൾ നിർമ്മിച്ചു നൽകുന്നതിന് സ്ഥലത്തെ സാമ്പത്തിക ഭദ്രതയുള്ള സഹകരണ സംഘങ്ങളെയാണ് നിർമ്മാണ ചുമതല ഏൽപ്പിക്കുന്നത്. 500 ചതുരശ്ര അടിവരെ വിസ്തൃതിയുള്ള വീടുകളുടെ നിർമ്മാണം ആരംഭിച്ച് മൂന്നു മാസത്തിനകം പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ.